# 19

# എഴുത്തിനുശേഷമുള്ള പ്രസക്തി (4:21- 23)

**വന്ദനങ്ങൾ (4:21, 22)**

**21ക്രിസ്തുയേശുവിൽ ഓരോ വിശുദ്ധനേയും വന്ദനം ചെയ്വിൻ. എന്നോടുകൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു. 22വിശുദ്ധന്മാർ എല്ലാവരും വിശേഷാൽ കൈസരുടെ ഭവനത്തിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു.**

**വാക്യങ്ങൾ 21, 22.** ക്രിസ്തുയേശുവിൽ ഓരോ വിശുദ്ധനേയും വന്ദനം ചെയ്വിൻ. "വിശുദ്ധൻ" എന്ന വാക്കിന്റെ അർത്ഥം, "വിശുദ്ധനായവൻ" അല്ലെങ്കിൽ, "വേർതിരിക്കപ്പെട്ടവൻ"; അത് ഓരോ ക്രിസ്ത്യാനിക്കും നൽകപ്പെട്ടിരിക്കുന്ന പദവിയാണ് (1:1 ന്റെ പരാമർശം നോക്കുകയും 1 കൊ. 1:2 വായിക്കുകയും ചെയ്യുക). "എങ്കിലും, ആ വാക്ക് ഉയർന്ന സ്ഥാനത്തെയും വിശുദ്ധ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത തുടർച്ചയായി ഓർപ്പിക്കുകയും ചെയ്യുന്നു"[1] പൗലൊസ് ലേഖനം "ഫിലിപ്പിയയിലുള്ള ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കുമായിട്ടാണ്" എഴുതിയിരിക്കുന്നത് (1:1). ഇപ്പോൾ, അവസാനമായി ഓരോരുത്തർക്കും വ്യക്തിപരമായി വന്ദനം ചെയ്തുകൊണ്ടാണ് എഴുതിയിരിക്കുന്നത്.

"സകല വിശുദ്ധന്മാരെയും" വന്ദനം ചെയ്യുവാൻ പൗലൊസ് ആരോടാണ് പറഞ്ഞത്? ഫിലിപ്പിയ സഭയിലെ എല്ലാ അംഗങ്ങളെയുമാണ് സംബോധന ചെയ്തിരിക്കുന്നത്; അതിനാൽ ഓരോരുത്തരും "അന്യോന്യം വന്ദനം" ചെയ്യുവാനായിരിക്കാം പറഞ്ഞത്. എങ്ങനെയായാലും, പൗലൊസ് ആദ്യം സഭയിലെ അദ്ധ്യക്ഷന്മാരെ സംബോധന ചെയ്തതിനാൽ (1:1), എല്ലാ അംഗങ്ങളെയും വന്ദനം ചെയ്യുവാൻ അവൻ അദ്ധ്യക്ഷന്മാരോടായിരിക്കാം പറഞ്ഞത്.

മറ്റു ലേഖനങ്ങളിൽ അവസാനം ഏതാനും പേരുകൾ പറഞ്ഞിട്ടുള്ളതുപോലെ ഈ ലേഖനത്തിൽ പേരുകൾ പ്രത്യേകം പറയാതിരുന്നത് ചിലരെ അതിശയിപ്പിച്ചിട്ടുണ്ട് (റോമർ. 16:3–15 നോക്കുക). ഒരു നിയമമായി, ഒരു ഇടവകയിലെ അംഗങ്ങളെ വ്യക്തിപരമായി അവനു അറിയാവുന്നത് എടുത്തു പറയുകയായിരിക്കാം, എന്നാൽ ഫിലിപ്പിയ സഭയിൽ ആരാധിക്കുന്ന എല്ലാവരേയും പൗലൊസിന് അറിയാമായിരുന്നേക്കാം. അവൻ ഓരോരുത്തരുടേയും പേരുകൾ പറഞ്ഞു വരുമ്പോൾ, ചിലരുടെ പേരുകൾ വിട്ടുപോകുവാനും ഇടയുണ്ട്.

പൗലൊസ് പിന്നെ പറഞ്ഞു, **എന്നോടുകൂടെയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം ചെയ്യുന്നു.** "സഹോദരന്മാർ" എന്നു പറഞ്ഞത് റോമിൽ അപ്പൊസ്തലന്റെ ശുശ്രൂഷയിൽ പങ്കെടുത്തിരുന്നവർ തിമൊഥെയൊസ് അടക്കമുള്ളവർ ആയിരുന്നേക്കാം (കൊലൊ. 4:14; ഫിലെ. 23, 24 നോക്കുക). ആ സമയത്ത് പൗലൊസിനോടുകൂടെ തിമൊഥെയൊസ് മാത്രമാണുണ്ടായിരുന്നത് എന്നും

നാം ഊഹിച്ചിരിക്കാം [ഫിലി. 2:20], (എന്നാൽ മറ്റുള്ളവർ അപ്പോഴും ഫിലിപ്പിയ സഭയുടെ ക്ഷേമം അറിയുവാൻ താൽപര്യമുള്ളവരായി ഉണ്ടായിരുന്നു.)

**വാക്യം 22**. പൗലൊസ് എഴുതി **സകല വിശുദ്ധന്മാരും നിങ്ങളെ വന്ദനം ചെയ്യുന്നു**. "വിശുദ്ധന്മാർ" എന്നു പറഞ്ഞിരിക്കുന്നത് റോമാ സഭയിലുണ്ടായിരുന്ന മറ്റ് അംഗങ്ങളായിരുന്നേക്കാം. ക്രിസ്തീയ കൂട്ടായ്മയും വന്ദനങ്ങളും അങ്ങോട്ടും ഇങ്ങോട്ടും കൈമാറുവാനും പകരുവാനും പൗലൊസ് ആഗ്രഹിച്ചിരുന്നു.

പൗലൊസ് പിന്നെ ഒരു പ്രത്യേക കൂട്ടം ആളുകളുടെ വന്ദനം അറിയിക്കുവാൻ ആഗ്രഹിച്ചു. വിശേഷാൽ **കൈസരുടെ അരമനയിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു**. റോമിലെ ചക്രവർത്തിമാരെ പൊതുവിൽ വിളിച്ചിരുന്നതായിരുന്നു "കൈസർ" എന്നത്. പൗലൊസ് പറഞ്ഞ കൈസർ നീറോ ആയിരുന്നു, അവൻ റോം വാണിരുന്നത് ഏകദേശം ഏ. ഡി. 54–68 ആയിരുന്നു. "കൈസരുടെ അരമനയിലുള്ളവർ" എന്നു പൗലൊസ് പറഞ്ഞപ്പോൾ അപ്പൊസ്തലന്റെ മനസിൽ ഉണ്ടായിരുന്നവർ ആരെല്ലാമായിരുന്നു? അതിൽ ആയിരക്കണക്കിനു ആളുകൾ ആ ചെറിയ പ്രയോഗത്തിൽ ഉൾപ്പെട്ടതായി ധാരാളം ഊഹങ്ങൾ ഉത്ഭവിച്ചിട്ടുണ്ട്.

"കൈസരുടെ അരമനയിലുള്ളവർ " എന്നു പറയുന്നത് നിറോയുടെ രക്തബന്ധമുള്ളവരായിരുന്നു എന്ന് മിക്ക എഴുത്തുകാരും കരുതുന്നു, എന്നാൽ അവർ അങ്ങനെ ആയിരിക്കണമെന്നില്ല. ഒരു അധികാര കേന്ദ്രം അവകാശപ്പെടുന്നത് അവർ "നിലവിലുള്ള ഉപയോഗപ്രകാരം ചക്രവർത്തിയുടെ കുടുംബാംഗങ്ങളല്ല, അവന്റെ ബന്ധുക്കളുമല്ല, മറിച്ച് അവന്റെ പ്രാകാര ഭൃത്യന്മാരായിരുന്നു എന്നാണ്."[2]

നീറോയുടെ ഉയർന്ന സംഘത്തിലെ അംഗങ്ങളാകുവാനും സാധ്യതയുണ്ട്–പൗലൊസിനേയും മറ്റും കാത്തിരുന്നവരായിരിക്കാം, അവർ ക്രിസ്ത്യാനിത്വത്തിലേക്ക് പരിവർത്തനം ചെയ്തിരിക്കാം (1:13 നോക്കുക). പൗലൊസ് ഉയർന്ന റോമൻ ഉദ്യോഗസ്ഥരെ കാണുകയും അവർ പൗലൊസിന്റെ പ്രസംഗത്തിൽ ആകൃഷ്ടരാകുകയും ചെയ്തതായി ചില പ്രാരംഭ സഭയിലെ എഴുത്തുകാർ അവകാശപ്പെട്ടിരുന്നു.[3] ഒരു എഴുത്ത് പറയുന്നത് നീറോയുടെ ഭാര്യയും ക്രിസ്ത്യാനിയായി തീർന്നു എന്നാണ്.[4] "കൈസരുടെ അരമനയിലുള്ളവർ" ആരായിരുന്നു എന്നു അറിയുവാൻ മാർഗമൊന്നുമില്ല, എന്നാൽ അവർ കർത്താവിലേക്ക് പരിവർത്തനം ചെയ്തിരിക്കാം–എന്നാൽ അരമനയിലുള്ളവരെല്ലാം, പൗലൊസ് "ബന്ധിക്കപ്പെട്ടിരുന്നതെന്തിനാണ്?" എന്ന് അതിശയിച്ചുകാണാം. ഇത് അപ്പൊസ്തലന് ക്രിസ്തുവിനെ കുറിച്ച് അറിയിക്കുവാനുള്ള അവസരവും ഒരുക്കിയിരിക്കാം. അതിന്റെ ഫലമായി, അവരിൽ ചിലർ പരിവർത്തനം ചെയ്തിരിക്കും (റോമർ 1:16), അവർ കേട്ട സന്ദേശം അരമനയിലേക്ക് എത്തിച്ചിരിക്കാം.

ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ പൗലൊസ് ആ കുറിപ്പ് എന്തിനാണ് ഉൾപ്പെടുത്തിയത്? റോമാ ലോകത്തിന്റെ സുവിശേഷ വ്യാപ്തി ശക്തമായിരിക്കുന്നു എന്ന് അവരെ അറിയിക്കുവാൻ പൗലൊസ് ആഗ്രഹിച്ചുകാണും, കാരണം റോം പരിഷ്കൃത ലോകത്തിന്റെ ഒരു ഹബ്ബ് ആയിരുന്നു. ഫിലിപ്പിയ സഭയിലെ അംഗങ്ങളും കൈസരുടെ അരമനയിലെ ക്രിസ്ത്യാനികളും തമ്മിൽ ബന്ധപ്പെട്ടിരുന്നേക്കാം. ഫിലിപ്പിയ ഒരു റോമൻ കോളനി ആയിരുന്നു എന്ന് ഓർക്കുക. അവിടെത്തെ പൗരന്മാർ ചിലർ യുദ്ധവീരന്മാരായിരുന്നതിനാൽ,

രാജ്യത്തോടുള്ള അവരുടെ സേവനത്തിനുള്ള പാരിതോഷികമായി ഫിലിപ്പിയയിൽ അവർക്ക് സ്ഥലം പതിച്ചുകൊടുക്കുമായിരുന്നു. അന്ന് ഒരുപക്ഷെ നീറോയുടെ ഉദ്യോഗസ്ഥരായി സേവനം അനുഷ്ഠിച്ചിരുന്നവരിൽ ചിലർ ക്രിസ്ത്യാനികളായി തീർന്നിരിക്കുവാൻ സാധ്യതയുണ്ട്.

"കൈസരുടെ...ഭവനത്തിലെ വിശുദ്ധന്മാർ" എന്ന പ്രയോഗത്തെ കുറിച്ചു ഉയരുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുക വിഷമമാണെങ്കിലും, "അകൃത്യ ഗുഹയിലേക്കും" സുവിശേഷം കടന്നു ചെന്നു എന്നത് വിസ്മയിപ്പിക്കുന്നതു തന്നെയാണ്. എഴുത്തുകാരുടേയും പണ്ഡിതന്മാരുടേയും അഭിപ്രായങ്ങൾ ഇതാ:

> "വിശുദ്ധന്മാരെ" കണ്ടെത്തിയ അവസാന സ്ഥാനം അതായിരിക്കാം ... നീറോ ഒരു ക്രൂരനായിരുന്നു, അവൻ ദുർന്നടപ്പിന്റെ പര്യായമായിരുന്നു. അവന്റെ "അരമനയും" അതുപോലെയായിരുന്നു എന്നു ഊഹിക്കുവാൻ പ്രയാസമില്ല. എങ്കിലും, ആ ഇരുട്ടിന്റേയും അന്ധവിശ്വാസത്തിന്റേയും, ദുഷ്ടതയുടേയും മദ്ധ്യത്തിൽ ക്രിസ്തുവിന്റെ സുവിശേഷം അവിടെ വേരൂന്നി ഫലം പുറപ്പെടുവിച്ചു.[5]

> അവിശ്വാസത്തിന്റെ അഭയകേന്ദ്രമായിരുന്ന കോട്ടക്കകത്തേക്ക് ക്രിസ്തു ആക്രമിച്ച് നുഴഞ്ഞുകയറി, ... ക്രിസ്തു കർത്താവാണ് എന്നു പറയുവാൻ അനുവാദമില്ലാത്ത മുറികളിലേക്കാണ് കയറി ചെന്ന് പരസ്യമായി ചർച്ച ചെയ്തത്. ഇതെല്ലാം സംഭവിച്ചത് നീറോയുടെ മൂക്കിന്റെ താഴെയാണ് എന്ന് ഓർക്കുക ...![6]

> ആ ആളുകൾക്ക് റോമാക്കാരുടേയും കൈസർമാരുടേയും ആനുകൂല്യങ്ങളെല്ലാം 100 ശതമാനം [ലഭിച്ചവരായിരുന്നു]. ക്രിസ്ത്യാനികളായപ്പോൾ എല്ലാം നഷ്ടമായി. എങ്കിലും അവർ ക്രിസ്ത്യാനികളായി [തീർന്നു]. അവർ നയങ്ങൾക്ക് മുകളിൽ തത്വങ്ങളെ കണക്കാക്കി, ജീവനേക്കാളധികം സ്നേഹിച്ചു, കൈസരേക്കാൾ ക്രിസ്തുവിനെ സ്നേഹിച്ചു ...[7]

> ആ വിശുദ്ധന്മാരിൽ പലരുടേയും ഭക്തിയുള്ള സാക്ഷ്യം ഒരുപക്ഷെ അവരുടെ പ്രവർത്തന രംഗമായി തീർന്നിരിക്കാം. വന്യമൃഗങ്ങൾ, ഉപദ്രവങ്ങൾ, മരണം എന്നിവയെല്ലാം ഭീഷണിയായി തീർന്നപ്പോഴും അവരുടെ മനസിൽ സഭ മുഖ്യമായ അമർത്യതയായി പ്രതിഷ്ഠിച്ചു, അക്കാരണത്താലാണ് അവരുടെ വന്ദനം ഫിലിപ്പിയ സഭയിലേക്ക് അയച്ചത് ...[8]

## ആശിർവാദം (4:23)

**[23]കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഇരിക്കുമാറാകട്ടെ.**

**വാക്യം 23.** ഫിലിപ്പിയലേഖനത്തിൽ ഒരു വാക്യം മാത്രം അവശേഷിക്കുന്നു: ആശിർവാദം. അത് "ലേഖനത്തെ മുഴുവൻ കിരീടം അണിയിക്കുന്നു."[9] പൗലൊസിന്റെ സമയത്ത്, എഴുത്തുകൾ അവസാനിപ്പിച്ചിരുന്നത്

സംക്ഷേപമായ “യാത്രാമൊഴിയോടെ” ആയിരുന്നു; എന്നാൽ അപ്പൊസ്തലൻ തന്റെ വായനക്കാർക്കു വേണ്ടി പ്രാർത്ഥിച്ച് ആശിർവാദം പറഞ്ഞാണ് അവ സാനിപ്പിക്കുന്നത്. വാക്കുകൾ മാറിയേക്കാം, പക്ഷെ വികാരം അടിസ്ഥാനപ രമായി ഒന്നു തന്നെയായിരുന്നു: **കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവിനോടുകൂടെ ഇരിക്കുമാറാകട്ടെ**.

“ദൈവത്തിൽനിന്നും ... ക്രിസ്തുയേശുവിങ്കൽനിന്നും ... നിങ്ങൾക്ക് കൃപ ഉണ്ടാകട്ടെ” എന്നു പറഞ്ഞുകൊണ്ടായിരുന്നു പൗലൊസ് ലേഖനം ആരംഭിച്ചത് (1:2). മുമ്പിലത്തെ ഖണ്ഡികകളിൽ പല വിഷയങ്ങളെയും അവൻ കൈകാര്യം ചെയ്യുകയുണ്ടായി; എന്നാൽ അവസാനം എത്തിയപ്പോൾ, അവർ ദൈവകൃ പയാൽ (മനോഹരവും, അനർഹവുമായ ഉപകാരം) അവരുടെ ജീവിതങ്ങൾ അനുഗ്രഹിക്കപ്പെടുവാനായി അവൻ പ്രാർത്ഥിക്കുകയായിരുന്നു.

കെജെവിയിൽ “നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ” എന്നാ ണ്. പക്ഷെ കയ്യെഴുത്തു പ്രതി അനുകൂലിക്കുന്നത് “നിങ്ങളുടെ ആത്മാവിനോ ടുകൂടെ ഇരിക്കട്ടെ” എന്നാണ്. ഏതു തർജിമ ഉപയോഗിച്ചാലും അടിസ്ഥാന അർത്ഥം ഒന്നു തന്നെയാണ്. ഈ സന്ദർഭത്തിൽ, “ആത്മാവ്” എന്നു പറയു ന്നത് ശരീരം വിട്ടുള്ള മറുഭാഗത്തെയല്ല, മറിച്ച് ആന്തരിക മനുഷ്യനടക്കമുള്ള ആകമൊത്തമുള്ള വ്യക്തിത്വത്തെ ആണ് [ഗലാ. 6:18; 2 തിമൊ. 4:22; ഫിലെ. 25.][10] “ആത്മാവിന്” എന്തെങ്കിലും ഊന്നൽ കൊടുത്തിരിക്കുന്നു എങ്കിൽ, ഒരു വ്യക്തിയുടെ ആത്മാവിനുള്ള പ്രാധാന്യത്തെയാണ് കാണിക്കുന്നത്. കൃപ യിൽനിന്നു അധികവും പ്രയോജനം ലഭിക്കുന്നത് ആത്മാവിനാണ്.

“കർത്താവായ യേശുക്രിസ്തു” എന്നതാണ് വാക്യത്തിലെ മുഖ്യ ഭാഗം. കൈസരേക്കാൾ വലിയവൻ, തടവിൽ പൗലൊസിനോടുകൂടെ ആയിരുന്നവൻ, അവനെ കുറിച്ചാണ് പൗലൊസ് ഫിലിപ്പിയരോട് [സംസാരിച്ചത്.]”[11]

കെജെവി ആശിർവാദം “ആമേൻ” എന്ന വാക്കോടുകൂടിയാണ് അവസാ നിപ്പിക്കുന്നത്. ആധുനിക പ്രസാധകരെല്ലാം ആ വാക്ക് എടുത്തു കളഞ്ഞിരി ക്കുകയാണ്; എന്നാൽ ജെറാൾഡ് എഫ്. ഹാവ്ത്രോൺ പറഞ്ഞതനുസരിച്ച്, “അതിനുള്ള തെളിവ് ശക്തമാണ്.”[12] “എങ്ങനെയായാലും, ആ വാക്ക് അപ്പൊ സ്തലന്റെ ഫിലിപ്പിയർക്കുവേണ്ടിയുള്ള പ്രാർത്ഥയുടെ പ്രതികരണത്തിനു യോജിക്കുന്നതു തന്നെയാണ്–കൂടാതെ ഏതൊരു കാലത്തും ഏതൊരു സ്ഥലത്തുമുള്ള യേശുക്രിസ്തുവിന്റെ സഭയ്ക്ക് പ്രയോനജനമുള്ളതു തന്നെ യാണ്.”[13] “ഉപസംഹാരത്തിലെ ‘ആമേൻ’ എന്ന വാക്ക് അവൻ മുൻപറഞ്ഞ സത്യങ്ങളെ ഉറപ്പിക്കുന്നതും, ഇടവക അതിനു ‘അതെ’ എന്നു ദൈവവാഗ്ദാ നങ്ങളോട് പ്രതികരിക്കുന്നതുമാകുന്നു.”[14]

### ഉപസംഹാരം

പൗലൊസ് ഫിലിപ്പിയർക്കുള്ള ലേഖനം അവസാനിപ്പിച്ചു. അവൻ ഒന്നു കിൽ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നത് നിർത്തി കാണും അല്ലെങ്കിൽ–അ വന്റെ എഴുത്താണി താഴെ വെച്ചുകാണും. മഷി ഉണങ്ങിയപ്പോൾ, അവൻ ആർക്ക് എഴുത്ത് കൈമാറണമെന്ന് എപ്പഫ്രൊദിത്തൊസിനു നിർദ്ദേശങ്ങൾ കൊടുത്തു. എപ്പഫ്രൊദിത്തൊസിന്റെ യാത്ര സുരക്ഷിതമാകുവാൻ അപ്പൊ സ്തലൻ തീർച്ചയായും പ്രാർത്ഥിച്ചിരിക്കും. അവൻ ചുരുൾ ചുരുട്ടി തന്റെ സഹ–ഭൃത്യനെ ഏൽപിച്ചപ്പോൾ, ആലിംഗനം ചെയ്തിരിക്കാം. അവസാനം, തന്റെ വിശ്വസ്തനായ സഹപ്രവർത്തകൻ ലേഖനവുമായി ദൂരെ മറയുന്നതു

വരെ നോക്കിയിരുന്നു കാണും. സിഇൗവിയിൽ ലേഖനം അവസാനിപ്പിക്കുന്നത് ഈ വാക്കുകളാലാണ്: "കർത്താവായ യേശുക്രിസ്തു നിങ്ങളോട് ദയ കാണിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു!" അന്യോന്യമുള്ള നമ്മുടെ പ്രാർത്ഥനയും അതായിരിക്കണം.

## പ്രായോഗികത

**പലരായ നാം, ഒന്നാണ് (4:21, 22)**

പൗലൊസിന്റെ ലിസ്റ്റിൽ പേർ പറഞ്ഞിരിക്കുന്നതിനെ അവലോകനം നടത്തുക. ആ അവതരണം എത്ര മനോഹരമായ–ഭാഗമാണ്! ആദ്യം, അവൻ "സഭയിലെ അംഗങ്ങളുടെ" പേർ പറഞ്ഞു, പ്രത്യേകമായി "വിശുദ്ധന്മാരുടെ" പേരുകൾ. പിന്നെ പൗലൊസ് പറഞ്ഞത് പ്രാസംഗികരെയും ഉപദേഷ്ടാക്കന്മാരെയുമാണ്, "എന്നോടുകൂടെയുള്ള സഹോദരന്മാർ" എന്നു പറഞ്ഞിരിക്കുന്നത് മറ്റു അദ്ധ്യക്ഷന്മാരായിരിക്കാം. അവസാനം "കൈസരുടെ അരമനയിലുള്ള വിശുദ്ധന്മാരെയും ഉൾപ്പെടുത്തിയിരിക്കുന്നു! കർത്താവിന്റെ ശരീരം എന്നു പറയുന്നത് ആളുകളാണ്–അവർ അന്യോന്യം ശക്തി സംഭരിക്കുകയാണ്. "അതുകൊണ്ട് പലരായ നാം, ക്രിസ്തുവിന്റെ ഏകശരീരമായി തീരുന്നു. വ്യക്തികൾ ഓരോരുത്തരും അന്യോന്യം അംഗങ്ങളുമാകുന്നു (റോമർ 12:15). "ആകയാൽ നാം സമാധാനത്തിന്നും അന്യോന്യം ആത്മികവർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക" (റോമർ 14:19).

**പൗലൊസിന്റെ എഴുത്തിനുശേഷമുള്ളവ (4:21–23)**

4:19, 20 ലാണ് പൗലൊസ് ഉച്ചസ്ഥായിയിലെത്തുന്നത്: "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും. നമ്മുടെ ദൈവവും പിതാവുമായവന്ന് എന്നെന്നേക്കും മഹതവും. ആമേൻ." അത് നിർത്തുവാൻ പറ്റിയ സ്ഥലമാണെന്നു തോന്നുന്നു, പക്ഷെ പൗലൊസിനു പിന്നെയും പറയുവാനുണ്ടായിരുന്നു. അപ്പൊസ്തലന്റെ അവസാനത്തെ മൂന്നു വാക്യങ്ങൾ എഴുത്തിനുശേഷമുള്ള പ്രസ്താവനയായി കണക്കാക്കാം (പോസ്റ്റ് സ്ക്രിപ്റ്റ്).

വാക്യം 20 എഴുതിയശേഷം പൗലൊസ് പേനയെല്ലാം എടുത്തു വെച്ച് വ്യക്തിപരമായി അവസാന വരികൾ ചേർത്തതാണെന്ന് ചിലർ കരുതുന്നു. രണ്ട് തെസ്സലൊനിക്യർക്കുള്ള ലേഖനത്തിൽ, അവസാനം അവൻ പറഞ്ഞു, "പൗലൊസ് ആയ എന്റെ കയ്യാൽ വന്ദനം; സകല ലേഖനത്തിലും ഇതു തന്നെ അടയാളം; ഇങ്ങനെ ഞാൻ എഴുതുന്നു" (2 തെസ്സ. 3:17; ഗലാ. 6:11; കൊലൊ. 4:18). ചാൾസ് ആർ സ്വിൻഡെൽ പറഞ്ഞു, "തല–നരച്ച അപ്പൊസ്തലൻ എഴുതി കഴിഞ്ഞ്, എഴുത്താണി താഴെ വെച്ച്, അവസാനം തന്റെ സ്വന്ത കൈപ്പടയാൽ അവസാനിപ്പിക്കുന്ന വാക്കുകൾ എഴുതി എപ്പഫ്രൊദിത്തൊസിന്റെ കയ്യിൽ ഏൽപിക്കുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയുന്നു."[15]

പൗലൊസ് തന്റെ സ്വന്ത കയ്യാലാണോ ഈ വാക്കുകൾ എഴുതിയത് എന്നു നമുക്ക് തീർച്ചയില്ല, പക്ഷെ ഒരു കാര്യം വ്യക്തമാണ്: തന്റെ പ്രിയപ്പെട്ടവരായി ആളുകളിലെ തന്റെ ലേഖനത്തിന്റെ അവസാനം പറയുവാൻ അവൻ മറന്നില്ല.

**കൈസരുടെ അരമന (4:22)**

കൈസരുടെ അരമനയിൽ വിശുദ്ധന്മാർ ഉണ്ടായിരുന്നു എന്ന വസ്തുത നമ്മെ പല പാഠങ്ങൾ പഠിപ്പിക്കുന്നു. ആ സാഹചര്യത്തിലുള്ള ആളുകളിലേക്ക് സുവിശേഷം എത്തുമെങ്കിൽ, *ഏതു* സാഹചര്യത്തിലുള്ള ആളുകളിലുമെത്തും. സുവിശേഷത്തിനു ശക്തിയുണ്ട് (റോമർ 1:16)! അവർക്ക് ക്രിസ്ത്യാനികളായി തീരുവാൻ കഴിയും എന്നതായിരിക്കാം ഏറ്റവും ആവശ്യമുള്ള പാഠം. – വിശ്വസ്ത ക്രിസ്ത്യാനികളായി ജീവിക്കുവാൻ അവർ എവിടെയായിരുന്നാലും കഴിയും. ഏർഡ്മാൻ പറഞ്ഞു,

> ക്രിസ്തുവിന്റെ ശക്തിക്ക് വിജയിക്കുവാൻ കഴിയാത്ത ഒരു സാഹചര്യവുമില്ല. ആത്മിയ ജീവിതം ചില സാഹചര്യത്തിൽ എളുപ്പത്തിലും മറ്റു സാഹചര്യത്തിൽ പ്രയാസത്തിലുമാണ് പുരോഗമിക്കുന്നത് എന്നില്ല, അതിന് ഒരു അന്യദേവനെ നമസ്ക്കരിക്കുന്ന ചക്രവർത്തിയുടെ പ്രാകാരത്തിലും ആസ്വദിക്കുവാനും ഫലം പുറപ്പെടുവിക്കുവാനും കഴിയും.
>
> കൈസരുടെ അരമനയിൽ വിശുദ്ധന്മാരെ കാണുന്നത് അതിശയിപ്പിച്ചേക്കാം, എന്നാൽ അവിടെ തന്നെയാണ് വിശുദ്ധന്മാർ ആവശ്യമായിരിക്കുന്നത് എന്ന അഭിപ്രായവും ഉയരും ... അവിടെയാണ് ലോകത്തിൽ ഏറ്റവും അധികം ദോഷം നിറഞ്ഞിരിക്കുന്നത്, അവിടെ സഭ നന്നായി വരും ...
>
> വീണ്ടും, കൈസരുടെ അരമന അസാധാരണ സ്വാധീനമുള്ള സ്ഥലമാണെന്ന് തെളിയിക്കപ്പെട്ടിരുന്നേക്കാം. സാമ്രാജ്യ പട്ടണത്തിലെ മറ്റേതൊരു മണ്ഡലത്തേക്കാളും ഭക്തിയുള്ള സാക്ഷികൾ ക്രിസ്തുവിന്റെ നാമത്തിനായി കൂടുതൽ എരിവോടെ പ്രവർത്തിച്ചിരിക്കാം ...[16]

നിങ്ങൾ ഒരുപക്ഷെ നിങ്ങളുടേതായ "കൈസരുടെ അരമനയിൽ" ആയിരുന്നേക്കാം:

- ദൈവത്തേയും അവന്റെ വഴിയേയും മാനിക്കാത്ത ഒരു ഭവനത്തിൽ ആയിരുന്നേക്കാം.
- ദൈവത്തെയും ബൈബിളിനേയും പരിഹസിക്കുന്ന സ്ഥാപനത്തിലായിരിക്കാം ഒരുപക്ഷെ നിങ്ങൾ പഠിക്കുന്നത്.
- ക്രിസ്തീയ തത്വങ്ങളെ ബലികഴിക്കുന്ന സ്ഥാപനത്തിലായിരിക്കാം നിങ്ങൾ ജോലി ചെയ്യുന്നത്.
- ലൗകികത നിറഞ്ഞ സൈന്യത്തിലായിരിക്കാം ഒരുപക്ഷെ നിങ്ങൾ ജോലി ചെയ്യുന്നത്.
- "മതയാഥാസ്ഥിതികരല്ലാത്ത–പ്രകടനങ്ങളെ" ശിക്ഷിക്കുന്ന സമൂഹത്തിലായിരിക്കാം നിങ്ങൾ ജീവിക്കുന്നത്.

അത്തരം സാഹചര്യങ്ങളിലാണ് നിങ്ങൾ എങ്കിൽ, ലോകത്തിന് അനുരുപപ്പെടാ [തിരിപ്പാൻ] നോക്കുക. എന്നാൽ "മനസ് പുതുക്കി രൂപാന്തരപ്പെടു [വാൻ] ശ്രമിക്കുക" (റോമർ 12:2). നിങ്ങളെ സഹായിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുക. അത് എളുപ്പമായിരിക്കുകയില്ല–എന്നാൽ, കർത്താവിന്റെ സഹായത്തോടുകൂടെ, നിങ്ങൾക്ക് "കൈസരുടെ അരമനയിലെ വിശുദ്ധൻ"

*ആകുവാൻ* കഴിയും!

**ഫിലിപ്പിയ ലേഖനത്തിന്റെ പ്രാമുഖ്യത**

ഫിലിപ്പിയ ലേഖനത്തിന്റെ മുഖ്യമായ വിഷയത്തെ ഒന്ന് അവലോകനം ചെയ്യുക: "സന്തോഷപ്രദമായ ക്രിസ്ത്യാനിത്വം." "സന്തോഷിപ്പിൻ" എന്ന് അപ്പൊസ്തലൻ വീണ്ടും വീണ്ടും പറഞ്ഞിരിക്കുന്നു (ഫിലി. 3:1; 4:4). ഇവിടെ പറഞ്ഞ "സന്തോഷം" "*ക്രിസ്തുവിൽ*" മാത്രമെ കാണുകയുള്ളു (4:7, 19; എംഫസിസ് ആഡഡ്). ആ സന്തോഷം ഒരാൾക്ക് ലഭിക്കുവാൻ അയാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കണം (റോമർ. 6:3, 4; ഗലാ. 3:27), അവനിൽ വിശ്വസ്തനായിരിക്കുകയും വേണം (മത്താ. 16:24). അവനെ പിൻപറ്റുവാനുള്ള തുടക്കത്തിന് ആവശ്യമുള്ള ശക്തമായ-നിർദ്ദേശങ്ങൾ അടങ്ങുന്നതാണ് ഈ ചെറിയ ലേഖനം!

ലേഖനത്തിലെ തത്വങ്ങൾ നാം പരിശീലിച്ചില്ല എങ്കിൽ, ഫിലിപ്പിയലേഖനം പഠിക്കുവാൻ നാം എടുത്ത പരിശ്രമവും സമയവും പാഴായി പോകും.

> ... ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട്, തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായി ഇരുന്നാൽ, അവൻ തന്റെ സ്വാഭാവികമായ മുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ട് പുറപ്പെട്ട് താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നുപോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണം ഉറ്റു നോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും (യാക്കൊ. 1:21-25).

ഫിലിപ്പിയ ലേഖനത്തിലെ വഴികൾ നമ്മുടെ വഴികളായി നാം സ്വീകരിച്ചാൽ, നാം ആരായിരിക്കുന്നു എന്നതിന്റെ ഭാഗമായി സ്വീകരിച്ചാൽ, നാം ദൈവശക്തി നിറഞ്ഞവരായിരിക്കും. ക്ഷീണിച്ച ഹൃദയത്തിനു ആശ്വാസം പുനസ്ഥാപിക്കുവാൻ ശക്തിയുള്ള ഒരു സഹായിയാണ് ഫിലിപ്പിയ ലേഖനം. "ദൈവം നിങ്ങളിൽ ... പ്രവർത്തിക്കുന്നു" എന്നാണ് പൗലൊസ് അദ്ധ്യായം 2 ൽ പറഞ്ഞത് (2:13). "പ്രവർത്തിക്കുന്നു" എന്ന വാക്ക് തർജിമ ചെയ്ത വാക്കിൽനിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്ക് "എനെർജി" ലഭിച്ചിരിക്കുന്നത്. ദൈവം നമ്മെ *എനെർജെസ്* ചെയ്യുകയാണ്! അദ്ധ്യായം 3 ൽ അപ്പൊസ്തലൻ പറഞ്ഞത് ഒരു ദിവസം കർത്താവ് "സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ *വ്യാപാരശക്തി*കൊണ്ട് നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ മഹത്വമുള്ള ശരീരമാക്കി മാറ്റും" (3:21; എംഫസിസ് ആഡഡ്). അദ്ധ്യായം 4 ൽ പൗലൊസ് പ്രഖ്യാപിച്ചു, "എന്നെ *ശക്തനാക്കുന്നവൻ* മുഖാന്തരം ഞാൻ സകലത്തിന്നും മതിയായവൻ" (4:13; എംഫസിസ് ആഡഡ്). "ശക്തനാക്കുന്നവൻ" എന്നതിനുപയോഗിച്ച അതേ വാക്കിൽനിന്നാണ് നമ്മുടെ "ഡയനമൈറ്റ്" എന്ന വാക്ക് ലഭിച്ചിരിക്കുന്നത്!

കുറിപ്പുകൾ

[1]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* (ഫില ദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 152. [2]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടേസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി.. റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 560. [3]ഏൾ എഫ്.പാൽമർ, ഇന്റഗ്രിറ്റി ഇൻ ഏ വേൾഡ് ഓഫ് പ്രിട്ടെൻസ്: ഇൻസൈറ്റ്സ്, ഫ്രം ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ് (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 176–77. [4]ചാൾസ് ആർ. സ്വിന്റൽ, *ലാഫ് എഗെയിൻ* (ഡള്ളാസ്, വേർഡ് പബ്ലിഷിങ് 1992), 235. വെന്റൽ വിങ്ക്ലെർ, "ക്രിസ്റ്റ്യൻ ഫെലോഷിപ്, ഗോഡ് വിൽ പ്രൊവൈഡ്: സെയിന്റ്സ് ഇൻ സീസേഴ്സ് ഹൗസ്ഹോൾഡ്; സലൂടേഷൻസ് ആന്റ് ദ ബെനെഡിക്ഷൻ" *ഇൻ ഏ ഹോമിലെറ്റിക് കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ്,* എഡി. ഗാർലാന്റ് എൽക്കിൻസ് ആന്റ് തോമസ് ബി, വാരെൻ (മെംഫിസ്: ഗെറ്റൈൽ ചർച്ച് ഓഫ് ക്രൈസ്റ്റ്, 1987), 289–90. [5]ഏർഡ്മാൻ, 153. [6]സ്വിൻഡെൽ, 235. [7]കരോൾ സിംകോക്സ്, *ദെ മെറ്റ് അറ്റ് ഫിലിപ്പൈ: ഏ ഡിവോഷ്ണൽ കമെന്ററി ഓൺ ഫിലിപ്പിയൻസ്* (ന്യുയോർക്ക് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1958), 158. [8]ഏർഡ്മാൻ, 154. [9]രാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, റെവ. എഡി., ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 187. [10]റിച്ചാർഡ് ബി. ഗഫിൻ ജൂനിയർ., *നോട്ട്സ് ഓൺ ഫിലിപ്പിയൻസ്*, *ദ എൻ ഐവി സ്റ്റഡി ബൈബിൾ*, എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1810.

[11]പാൽമർ, 177. [12]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 43 (വാക്കൊ, ടെക്സ്.: വേർഡ് ബുക്സ്, 1983), 216. [13]മാർട്ടിൻ, 187. [14]ഹാവ്ത്രോൺ, 216. [15]സ്വിൻഡെൽ, 237. [16]ഏർഡ്മാൻ, 154.